പതിനാലാം കേരളനിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 88 — 28.06.2016-ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. നൗഷാദ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പുതിയതായി എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ 540 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. വ്യാപിപ്പിക്കുന്ന കാര്യം വിശദമായി പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) ഒരു സ്കൂളിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന് എത്ര പണമാണ് പ്രതിവർഷം ചെലവഴിക്കേണ്ടി വരുന്നത്; | (ബി) നിലവിലെ കണക്കു പ്രകാരം 2,61,000/- രൂപയാണ് ഒരു സ്കൂളിൽ പ്രതിവർഷം ചിലവഴിക്കുന്നത്. |
| (സി) പദ്ധതിയിൽ പങ്കാളിയാകുന്ന സ്കൂൾ പി.ടി.എ.കൾ ഇതിനായി പണം ചെലവഴിക്കേണ്ടതുണ്ടോ; | (സി) പി.ടി.എ. ഫണ്ടിൽനിന്ന് പണം ചിലവഴിക്കേണ്ടതില്ലെങ്കിലും പ്രാരംഭ പ്രവർത്തനത്തിനുള്ള നടത്തിപ്പ് ചിലവുകൾ സ്കൂൾ അധികൃതർ തന്നെ വഹിക്കും എന്ന നിബന്ധനയോടെയാണ് ഇപ്പോൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തി വരുന്നത്. |
| (ഡി) സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി സർക്കാർ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വർഷം തിരിച്ചുള്ള | (ഡി) പോലീസ് നവീകരണ പദ്ധതിക്കുവേണ്ടി സംസ്ഥാന പോലീസ് ആസൂത്രണ സ്കീമിൽ ഉൾപ്പെടുത്തിയും 2011-12, 2014-15 സാമ്പത്തിക വർഷങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് |

| | |
|---|---|
| കണക്ക് ലഭ്യമാക്കുമോ;<br>വിശദീകരിക്കുമോ; | പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾ മുഖേന സംസ്ഥാനത്ത് ഒട്ടാകെ ട്രാഫിക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റി ഒരു കോടി രൂപ വീതം ധനസഹായം നൽകിയതുൾപ്പെടെ മൊത്തം 26,79,80,000/- രൂപ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു. |

| | |
|---|---|
| 2011-2012<br>2011-2012 (റോഡ് സേഫ്റ്റി അതോറിറ്റി) | 59,80,000/-<br>1,00,000,00/- |
| 2012-2013 | 2,20,00,000/- |
| 2013-2014 | 6,00,000,00/- |
| 2014-2015<br>2014-2015 (റോഡ് സേഫ്റ്റി അതോറിറ്റി) | 6,00,000,00/-<br>1,00,000,00/- |
| 2015-2016 | 10,00,000,00/- |
| ആകെ | 26,79,80,000/- |

| | | | |
|---|---|---|---|
| (ഇ) | ഇപ്പോൾ എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്താമോ ? | (ഇ) | നിലവിൽ 540 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ചിട്ടുണ്ട്. |

Rajani.M

സെക്ഷൻ ഓഫീസർ